**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 221** **12-01-2021 - ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്റ്റാർട്ടപ്പുകളിലേക്ക് നിക്ഷേപകരെ ആകർഷിക്കുന്നതിന് സ്റ്റാർട്ടപ്പ് മിഷൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തിലേക്ക് സ്റ്റാർട്ടപ്പുകളിൽ നിക്ഷേപം നടത്തുന്നവരെ ആകർഷിക്കുന്നതിന് കേരള സ്റ്റാർട്ടപ്പ് മിഷൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ താഴെപ്പറയുംപ്രകാരമാണ്. 1. ഇൻവെസ്റ്റർ കഫേ : നിക്ഷേപം ആവശ്യമായ സ്റ്റാർട്ടപ്പുകൾക്ക് എയ്ഞ്ചൽ നിക്ഷേപകർ, വെഞ്ചർ ക്യാപിറ്റലിസ്റ്റ്സ് എന്നിവരുമായി കൂടിക്കാഴ്ച നടത്തുന്നതിനുള്ള അവസരമാണ് ഇൻവെസ്റ്റർ കഫേ. തെരഞ്ഞെടുത്ത സ്റ്റാർട്ടപ്പുകളെയും നിക്ഷേപകരെയും ബന്ധപ്പെടുത്തി പ്രതിമാസം ഈ പരിപാടി നടത്തിവരുന്നു. 2. ഇഗ്നൈറ്റ് : ഹൈ നെറ്റ് വർത്ത് ഇൻവെസ്റ്റർമാർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകി സ്റ്റാർട്ടപ്പുകളിൽ നിക്ഷേപം നടത്തുന്നതിന് പ്രോത്സാഹിപ്പിക്കുന്നതിനുള്ള വർക്ക്ഷോപ്പാണ് ഇഗ്നൈറ്റ്. പരിജ്ഞാനമുള്ള എയ്ഞ്ചൽ നിക്ഷേപകരുടെ സഹായത്തോടെയാണ് ഈ പരിപാടി സംഘടിപ്പിക്കുന്നത്. 3. സീഡിംഗ് കേരള : കേരള സ്റ്റാർട്ടപ്പ് മിഷൻ വാർഷികമായി സംഘടിപ്പിക്കുന്ന എയ്ഞ്ചൽ നിക്ഷേപകരുടെ സമ്മിറ്റാണ് സീഡിംഗ് കേരള. കേരളത്തിലെ ശേഷിയുള്ള നിക്ഷേപകരെ ഇന്ത്യയിലെ മറ്റ് നിക്ഷേപകരുമായി ബന്ധപ്പെടുത്തുന്നതിനുള്ള അവസരം നൽകുന്ന പരിപാടിയാണിത്. |
| (ബി) | 2020ൽ പുതുതായി എത്ര സ്റ്റാർട്ടപ്പുകൾ രജിസ്റ്റർ ചെയ്തുവെന്നും അതിലൂടെ എത്ര കോടിയുടെ നിക്ഷേപം സംസ്ഥാനത്ത് എത്തിയെന്നും അറിയിക്കുമോ; | (ബി) | 2020 ൽ കേരള സ്റ്റാർട്ടപ്പ് മിഷനിൽ രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകളുടെ എണ്ണം 499 ആണ്. ഈ സ്റ്റാർട്ടപ്പുകൾക്ക് മാത്രമായി ലഭ്യമായ നിക്ഷേപത്തിന്റെ വിശദാംശം ലഭ്യമല്ല. എന്നാൽ 2019-20 വർഷം സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾക്ക് 523 കോടി രൂപ നിക്ഷേപമായി ലഭിച്ചിട്ടുണ്ട്. |
| (സി) | ചില വൻകിട കമ്പനികൾ അവരുടെ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുകയും സ്റ്റാർട്ടപ്പുകൾക്ക് നൽകുന്ന | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതായും കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | | |
| (ഡി) | സ്റ്റാർട്ടപ്പുകൾക്ക് സംസ്ഥാനം നൽകുന്ന സ്ഥാപനപരമായ സഹായവും നിയന്ത്രണങ്ങളിലെ ഇളവുകളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാന സർക്കാർ കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ സ്റ്റാർട്ടപ്പുകൾക്ക് നൽകിവരുന്ന സഹായങ്ങൾ താഴെപ്പറയുന്നവയാണ് : 1. പൂർണ്ണമായി സജ്ജീകരിച്ച ഇങ്കുബേഷൻ സൗകര്യവും അതിലൂടെ നൽകുന്ന മെന്ററിംഗ് സഹായവും. 2. ചുരുങ്ങിയ പലിശ നിരക്കിൽ സീഡ് ഫണ്ട് സഹായം. 3. പേറ്റന്റ് ഫയൽ ചെയ്യുന്നതിനുള്ള സഹായം. 4. അന്തർദേശീയ പരിപാടികളിൽ പങ്കെടുക്കുന്നതിനുള്ള സഹായം. 5. നിക്ഷേപകരുമായി ബന്ധപ്പെടുത്തി നിക്ഷേപം ലഭ്യമാകുന്നതിനുള്ള സഹായം. 6. ആശയം ആദ്യമാതൃകയായി വികസിപ്പിക്കുന്നതിനുള്ള ഐഡിയ ഗ്രാന്റ്. 7. ആദ്യ മാതൃക ഉൽപ്പന്നമായി വികസിപ്പിക്കുന്നതിനുള്ള പ്രോഡക്ടൈസേഷൻ ഗ്രാന്റ്. 8. ഉൽപ്പന്നം വിപണിയിലെത്തിക്കുന്നതിനുള്ള സ്കെയിലപ് ഗ്രാന്റ്. 9. വിപണനത്തിനുള്ള സഹായം. 10. വിവിധ വർക്ക്ഷോപ്പുകളും പരിശീലനങ്ങളും. 11. ബിസിനസ് ആവശ്യത്തിനായി വിവിധ സ്ഥലങ്ങൾ സന്ദർശിക്കുന്നതിനുള്ള സഹായം. സ്റ്റാർട്ടപ്പുകൾക്ക് നൽകിയിട്ടുള്ള ഇളവുകൾ താഴെപ്പറയുന്നവയാണ് : 1. സർക്കാർ വകുപ്പുകളും ഏജൻസികളും പ്രസിദ്ധീകരിക്കുന്ന ടെന്ററുകളിൽ സ്റ്റാർട്ടപ്പുകളിൽ അവസരം ലഭിക്കുന്നതിനായി മുൻ പരിചയം, EMD, Bid security deposit എന്നിവയ്ക്ക് ഇളവ് നൽകിയിട്ടുണ്ട്. 2. 20 ലക്ഷം രൂപ വരെ മൂല്യമുള്ള ഉൽപ്പന്നങ്ങൾ സ്റ്റാർട്ടപ്പുകളിൽ നിന്നും സർക്കാർ വകുപ്പുകൾക്കും ഏജൻസികൾക്കും നേരിട്ട് വാങ്ങുന്നതിനുള്ള അനുമതി. 3. ഒരു കോടി രൂപ വരെ മൂല്യമുള്ള വിവരസാങ്കേതിക വിദ്യാനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി സ്റ്റാർട്ടപ്പുകൾക്കായുള്ള ലിമിറ്റഡ് ടെന്റർ പ്രസിദ്ധീകരിക്കുന്നതിന് സർക്കാർ വകുപ്പുകൾക്കും ഏജൻസികൾക്കുമുള്ള അനുമതി. |

സെക്ഷൻ ഓഫീസർ